# വിദേശത്ത് നാളികേര പ്രിയം

സ്വന്തം ലേഖകൻ

കണ്ണൂർ: അമേരിക്കക്ക് തേങ്ങയിൽനിന്നുള്ള 'മധുരം' വേണം. ഗൾഫ് രാജ്യങ്ങൾക്ക് പച്ചത്തേങ്ങയും വെന്തവെളിച്ചെണ്ണയും മൂല്യവർധിത ഉൽപ്പന്നങ്ങളും. കൊപ്രക്ഷാമവും വെളിച്ചെണ്ണ വിലയും വർധിക്കുമ്പോൾ വിദേശരാജ്യങ്ങളിൽ നാളികേരപ്രിയം കൂടുന്നു. നാളികേരവികസനബോർഡിന്റെ കണക്കുപ്രകാരം നടപ്പുവർഷം കയറ്റുമതിയിൽ 30 ശതമാനം വർധന. ഉൽപാദനത്തിൽ 20 ശതമാനം കുറവും. എണ്ണയ്ക്കും തേങ്ങയ്ക്കും ആഭ്യന്തര വിപണിയിലും ആവശ്യക്കാരേറെ.

നാളികേരത്തിന്റെ പോഷകമൂല്യത്തെക്കുറിച്ചുള്ള അറിവാണ് അമേരിക്കക്കാരെ ആകർഷിക്കുന്നത്. ഒന്നാന്തരം മധുരമാണ് തേങ്ങയിൽ വേർതിരിച്ചെടുക്കുന്ന 'കോക്കനെട്ട് ഷുഗർ' എന്നാണ് വിലയിരുത്തൽ. പ്രകൃതിദത്തവും പരിശുദ്ധവുമായ ഈ മധുരവസ്തു പോഷക സമൃദ്ധവും. വെർജിൻ കോക്കനെട്ട് ഓയിൽ അഥവാ വെന്തവെളിച്ചെണ്ണയും ഇളനീരുമാണ് അമേരിക്കക്കാരെ ആദ്യം മോഹിപ്പിച്ചത്. ശരീരകാന്തിക്ക് തേക്കാനും കഴിക്കാനും കഴിയുന്ന വെന്തവെളിച്ചെണ്ണ അമേരിക്കൻ സൂപ്പർമാർക്കറ്റുകളിൽ ചൂടപ്പം പോലെ വിറ്റഴിയുന്നു. ഹോളിവുഡ് താരങ്ങളായ മഡോണ മുതൽ ഡെമി മൂർവരെ ഇളനീരിന്റെ ആരാധകർ. പ്രമേഹത്തിനും വൃക്കക്കല്ലിനുമൊക്കെ കരിക്കിൻ വെള്ളം മരുന്നാണെന്ന് ഇവരും തിരിച്ചറിയുന്നു.

ഇന്ത്യൻ നിരത്തോരങ്ങളിൽ പത്തു രൂപയ്ക്ക് കരിക്ക് ലഭിക്കുന്നത് അമേരിക്കക്കാർ ബ്ലോഗുകളിൽ അത്യാത്ഭുതമായി വിവരിക്കുന്നു. ഇതിനിടയിലാണ് കോക്കനെട്ട് ഷുഗറിനും ആവശ്യക്കാർ വർധിച്ചത്. വൈവിധ്യമേറിയ മൂല്യവർധിത ഉൽപന്നം അയക്കുന്ന ഇന്ത്യയിലാണ് അവരുടെ പ്രതീക്ഷ. ചുരണ്ടി സംസ്കരിച്ച തേങ്ങയും തേങ്ങപ്പൊടിയും കരിക്കിൻവെള്ളവും അമേരിക്കയിലേക്ക് കയറ്റി അയക്കുന്നുണ്ട്. കോക്കനട്ട് ഷുഗർ കുറഞ്ഞ തോതിൽ മാത്രം രാജ്യത്ത് സംസ്കരിക്കുന്നതാണ് പ്രധാന പ്രതിസന്ധി. ഫിലിപ്പീൻസാണ് തേങ്ങയിൽനിന്ന് മധുരം സംസ്കരിച്ചെടുക്കുന്നതിൽ മുൻപന്തിയിൽ.




ഒരു അമേരിക്കൻ കമ്പനിയുടെ 'കോക്കനെട്ട് ഷുഗർ' ഉൽപ്പന്നത്തിന്റെ ലേബൽ.

ഈ വർഷം 550 കോടിയുടെ കയറ്റുമതിയുണ്ടാകുമെന്നാണ് നാളികേരവികസന ബോർഡ് പ്രതീക്ഷിക്കുന്നത്. നാളികേര ഉൽപാദനത്തിൽ മുമ്പിൽ നിൽക്കുന്ന ശ്രീലങ്കയിൽ ഇത്തവണ വൻതോതിൽ ഉൽപ്പാദനക്കുറവുള്ളതിനാൽ ആവശ്യം വർധിച്ചിട്ടുണ്ട്. ബംഗ്ലാദേശ്, പാകിസ്ഥാൻ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്ന് നാളികേര ഉൽപന്നങ്ങൾക്ക് വ്യാപക അന്വേഷണം ഉയരുന്നു. തേങ്ങയും കൊപ്രയും പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലേക്ക് വൻതോതിൽ കയറ്റുമതി ചെയ്യുന്നുണ്ട്. ഇംഗ്ലണ്ടിലേക്ക് വെളിച്ചെണ്ണയും തേങ്ങയും അയക്കുന്നു. ഇതുവരെ 236 രജിസ്ട്രേഷനുകൾ നാളികേരോൽപന്നങ്ങളുടെ കയറ്റുമതിക്കായി ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. വെളിച്ചെണ്ണയുടെ ഉപയോഗം ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്ന പ്രചാരണങ്ങൾക്കിടയിലാണ് സ്വീകാര്യത വിദേശങ്ങളിൽ വർധിക്കുന്നത്.

മൂല്യവർധിത ഉൽപന്നങ്ങൾക്കൊപ്പം ഏറ്റവും കൂടുതലായി അയക്കുന്നത് ചിരട്ടക്കരി സംസ്കരിച്ചുണ്ടാക്കുന്ന ആക്ടിവേറ്റഡ് കാർബണാണ്. സ്വർണം, ജലം എന്നിവയുടെ ശുദ്ധീകരണത്തിനും വ്യാവസായികാവശ്യങ്ങൾക്കുമാണ് ഇത് ഉപയോഗിക്കുന്നത്. അമേരിക്ക, ഇംഗ്ലണ്ട്, ചൈന, ജപ്പാൻ, ജർമനി എന്നീ രാജ്യങ്ങളാണ് ആക്ടിവേറ്റഡ് കാർബണിന്റെ മുഖ്യ ഉപയോക്താക്കൾ.

source: Deshabhimani Daily 07-06-2011, Page 4